പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1772 04.12.2015 - ൽ മറുപടിയ്ക്ക്

## മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ചോദ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ നൽകുന്ന ആനുകല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ ഗവ/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന നിർധനരായ വിദ്യാർത്ഥികൾക്ക് ബിരുദം/പ്രൊഫഷണൽ ബിരുദം വരെ പഠനം നടത്തുന്നതിന് 'സ്നേഹപൂർവ്വം' പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (സി) | അംഗൻവാടി മുതൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എത്ര രൂപ വീതമാണ് ധനസഹായമായി അനുവദിക്കുന്നതെന്നും ഇത് തുടർവർഷങ്ങളിൽ ലഭ്യമാകുന്നതിന് അപേക്ഷകൾ സമർപ്പിക്കേണ്ടതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ; | (സി) | ഒരു അദ്ധ്യയന വർഷത്തിൽ പരമാവധി 10 മാസത്തേയ്ക്ക് തുക അനുവദിക്കുന്നു. അപേക്ഷകൾ വിദ്യാർത്ഥികൾ പഠിക്കുന്ന ഗവ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺ ലൈൻ ആയി ആണ് സ്വീകരിക്കുന്നത്. തുടർ വർഷങ്ങളിൽ ഈ പദ്ധതി ധനസഹായം ലഭ്യമാകുന്നതിനും സ്ഥാപന മേധാവി മുഖേന ഓൺ ലൈൻ ആയി അപേക്ഷ പുതുക്കാനായി സമർപ്പിക്കണം. ഇപ്രകാരം അപേക്ഷ പുതുക്കിയ വിദ്യാർത്ഥികളുടെ പേരുവിവരം അടങ്ങിയ Computer Generated Print വിദ്യാഭ്യാസ സ്ഥാപനമേധാവിയുടെ ഒപ്പും സീലും സഹിതം സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കണം. ഇപ്രകാരം ലഭിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ച് അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. |
| (ഡി) | അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ അപേക്ഷ സമർപ്പിക്കുവാൻ സ്വീകരിക്കേണ്ട രീതി വ്യക്തമാക്കുമോ ? | (ഡി) | സ്നേഹപൂർവ്വം പദ്ധതി അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്ക് ബാധകമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ